084080

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - അംഗീകാരമില്ലാത്ത സ്കൂളുകളിൽ പഠിക്കുന്ന IV, VII, X ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് 2011-12 അദ്ധ്യയനവർഷത്തെ വാർഷിക പരീക്ഷകൾ തൊട്ടടുത്ത സർക്കാർ/എയ്ഡഡ്/അംഗീകാരമുള്ള സ്കൂളുകളിൽ എഴുതുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്

സ.ഉ (സാധാ) നം. 5434/2011/പൊ.വി.വ. തീയതി, തിരുവനന്തപുരം, 3/12/2011

പരാമർശം: സ.ഉ. (സാധാ) നം. 1697/11/പൊ.വി.വ തീയതി 6/5/2011.

## ഉത്തരവ്

സംസ്ഥാനത്തെ അംഗീകാരമില്ലാത്ത സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2011-12 അദ്ധ്യയന വർഷം സർക്കാർ/എയ്ഡഡ്/അംഗീകാരമുള്ള സ്കൂളുകളിൽ 10 വരെയുള്ള ക്ലാസ്സുകളിൽ ചേർന്ന് പഠിക്കുന്നതിന് പരാമർശിത ഉത്തരവുപ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ ഇപ്പോഴും സംസ്ഥാനത്ത് അംഗീകാരമില്ലാത്ത സ്കൂളുകളിൽ നിരവധി വിദ്യാർത്ഥികൾ പഠനം നടത്തുന്നതായും, ടി സ്കൂളുകൾ വാർഷിക പരീക്ഷകൾ നടത്തുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് സർക്കാരിൽ അപേക്ഷ സമർപ്പിക്കുന്നതായും കാണുന്നു. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ അംഗീകാരമില്ലാത്ത സ്കൂളുകളിൽ IV, VII, X ക്ലാസ്സുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് 2011-12 അദ്ധ്യയന വർഷത്തിൽ തൊട്ടടുത്തുള്ള സർക്കാർ/എയ്ഡഡ്/അംഗീകാരമുള്ള സ്കൂളുകളിൽ വാർഷിക പരീക്ഷ എഴുതുന്നതിന് അനുമതി നൽകിക്കൊണ്ടും, ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ടും സർക്കാർ ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം. ശിവശങ്കർ,
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം.
സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രചരണത്തിനായി).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

(മറുപുറം)